DCETVM/4214/2024-P5

കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്
വികാസ് ഭവൻ, 6th ഫ്ലോർ
തിരുവനന്തപുരം
തീയതി :27.09.2025

## <u>പരിപത്രം</u>

വിഷയം :- കോളേജ് വിദ്യാഭ്യാസ വകുപ്പ് - ആസൂത്രണ വിഭാഗം - കേരള ഡെവലപ്മെന്റ് & ഇന്നോവേഷൻ സ്ട്രാറ്റെജിക്ക് കൗൺസിൽ (K-DISC) - യങ് ഇന്നോവേറ്റേഴ്സ് പ്രോഗ്രാം 8.0 2025 പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച്.

സൂചന :- 03-12-2022 തീയതിയിലെ 4/2022/PLG&EA (DVPMT & INNOVATION) നമ്പർ സർക്കാർ ഉത്തരവ്.

************

കേരളത്തിന്റെ പുതുതലമുറ നിത്യജീവിതത്തിൽ നേരിടുന്ന വെല്ലുവിളികൾ വിദ്യാഭ്യാസ മേഖലയുടെ സഹായത്തോടെ പരിഹരിച്ച് ഒരു വൈജ്ഞാനിക വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ Kerala Development and Innovation Strategy Council, (K-DISC) ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതിയാണ് യംഗ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം (Y.I.P). സർക്കാർ സ്കൂളുകൾ, കോളേജുകൾ, നോൺ-ടെക്നിക്കൽ & പോളിടെക്നിക് തുടങ്ങിയ സ്ഥാപങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തികൊണ്ട് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തിയാക്കുവാൻ YIP 2025 8.0 ലക്ഷ്യമിടുന്നു. പ്രസ്തുത പദ്ധതി വിവിധ വകുപ്പുകളിൽ നടപ്പിലാക്കുന്നതിന് സൂചന പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

പ്രസ്തുത പദ്ധതി, വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ, ആശയ സമർപ്പണം എന്നിവയോടെ കൂടി ആരംഭിക്കുന്നതാണ്. ഇതിനായി വിദ്യാർഥികൾക്ക് **yip.kerala.gov.in** എന്ന പോർട്ടലിലൂടെ രജിസ്റ്റർ ചെയ്യുവാനും തങ്ങളുടെ ആശയങ്ങൾ സമർപ്പിക്കുവാനും സാധിക്കുന്നതാണ്. **2025 ഒക്ടോബർ 1 മുതൽ നവംബർ 15** വരെയാണ് ഇതിനുള്ള സമയപരിധി.

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലെ കോളേജുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോൾ ചുവടെ ചേർക്കുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്.

1) വിദ്യാർത്ഥികളുടെ പങ്കാളിത്തം പരമാവധി ഉറപ്പാക്കുന്നതിനായി പ്രോത്സാഹനം നൽകുക.

2) ആശയ സമർപ്പണത്തിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും മെന്ററിംഗ് പിന്തുണയും വിദ്യാർത്ഥികൾക്ക് നൽകുക.

3) YIP പ്രവർത്തങ്ങൾ ഏകോപിക്കുന്നതിനായി 1 ഫാക്കൽറ്റി മെംബർ നെ ചുമതലപ്പെടുത്തുക.

4) സ്ഥാപനങ്ങളിൽ YIP കാമ്പെയിനുകൾ സംഘടിപ്പിക്കാനായി കെ-ഡിസ്ക് ജില്ലാ പ്രതിനിധികൾക്ക് ആവശ്യമായ സഹകരണവും പിന്തുണയും നൽകുക.

കൂടുതൽ വിവരങ്ങൾക്ക് : +91 471 2334472/9447772818
ms.kdisc@kdisc.kerala.gov.in

ഇത് സംബന്ധിച്ച് കെ-ഡിസ്കിൽ നിന്നും ലഭ്യമായ കത്ത് ഉള്ളടക്കം ചെയ്യുന്നു.

**പ്രിൻസ് സി. എസ്**
സീനിയർ ഫിനാൻസ് ഓഫീസർ
(കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി)

Signed by
C S Prince
Date: 27-09-2025 16:46:59